പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3180 03.04.2013-ലെ മറുപടിയ്ക്ക്

''കെ. എൽ. ഡി. സി. കോഴിക്കോട് ജില്ലകളിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ''

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എൽ.ഡി.സി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) 1. ആർ.കെ.വി.വൈ 2011-12 നടുവണ്ണൂർ പഞ്ചായത്തിലെ കോട്ടപ്പുറത്ത് താഴെ പാടശേഖരത്തിൽ ഡ്രെയിനേജ് ചാൽ നിർമ്മാണം.<br>2. നബാർഡ് ആർ.ഐ.ഡി.എഫ്-16 ആയഞ്ചേരി പഞ്ചായത്തിലെ കടമേരി പാടശേഖരത്തിലെ വികസന പ്രവർത്തനങ്ങൾ.<br>3.മേപ്പയ്യൂർ പഞ്ചായത്തിലെ കരുവോട് ചിറയുടെ വികസന പ്രവർത്തികൾ.<br>4. ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന കോൾ വികസന പദ്ധതികളായ ആവളപ്പാണ്ടി ചെറണ്ടത്തൂർ ചിറ, വേളം ആയഞ്ചേരി. |
| (ബി) ആവളപാണ്ടി നെൽകൃഷി വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കും എന്നും വെളിപ്പെടത്തുമോ; | (ബി) ആവളപ്പാണ്ടി കോൾ വികസന പദ്ധതികളുടെ പണികൾ നിർത്തിവച്ചിരിക്കുകയാണ്. പ്രധാന തോട് വിഭാവനം ചെയ്തരീതിയിൽ പൂർണ്ണമായി ആഴം വർദ്ധിപ്പിക്കുകയും വീതി കൂട്ടുകയും ചെയ്തു. വശങ്ങളിലെ ബണ്ടിൻെറ പണികൾ ഭാഗികമായി തീർക്കുന്നതിനേ സാധിച്ചിട്ടുള്ളു. മൊത്തം പണിയുടെ ഏകദേശം 70 ശതമാനം തീർന്നുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കാലാവധി മാർച്ച് 31 ന് അവസാനിച്ചിരിക്കുകയാണ് |

| | |
|---|---|
| (സി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) പദ്ധതിയ്ക്കാവശ്യമായ സ്ഥലം കൃഷിക്കാർ വിട്ടു നൽകുന്നതിന് കാണിച്ച വിമുഖതയും നിസ്സഹകരണവും മൂലം കനാൽ താഴ്ത്തുന്നതിനും വീതി കൂട്ടുന്നതിനും വളരെയധികം തടസ്സങ്ങൾ നേരിടുകയും പണികൾ പലപ്പോഴും നിർത്തിവയ്ക്കേണ്ടതായും വന്നിട്ടുണ്ട്. ബണ്ടിന് മുകളിൽ കൂടിയുള്ള ഗതാഗതം കൃഷിക്കാർ തടസ്സപ്പെടുത്തിയമൂലം പണികൾ ഉദ്ദേശിച്ച രീതിയിൽ പുരോഗമിക്കുന്നതിന് സാധിച്ചില്ല, കൂടാതെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അപാകതകൾ മൂലം ചില ഭാഗങ്ങളിൽ പണികൾ പൂർത്തിയായിട്ടില്ല. പദ്ധതിയിൽ നിർദ്ദേശിച്ച ക്വാറികൾ നിറുത്തൽ ചെയ്യമൂലം കരാറുകാർക്ക് വളരെ ദൂരത്തു നിന്നും കരിങ്കല്ല് കൊണ്ടുവരേണ്ടതായി വന്നു. പ്രസ്തുത സാഹചര്യത്തിൽ 2006-ൽ അംഗീകരിച്ച നിരക്കുകൾ പുതുക്കുന്നതിന് ജില്ലാ തലത്തിൽ ചർച്ചകൾ നടത്തുകയും എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അംഗീകാരം ലഭിക്കാത്തതുമൂലം പണികൾ പുനരാരംഭിക്കുന്നതിന് സാധിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ